പോലീസിന് കൊടുത്തിട്ടില്ല. അന്വേഷിച്ചപ്പോൾ ആക്സിഡന്റ് ഉണ്ടായി വന്നതാണ്, ഒരു പരാതിയും ഇതുവരെ ഗവൺമെന്റിന് കിട്ടിയിട്ടില്ല. എനിക്ക് കിട്ടിയ രേഖയിൽനിന്ന് മനസ്സിലാകുന്നത് ഇതുവരെ ആരും ഒരു പരാതിപോലും കൊടുത്തിട്ടില്ല എന്നാണ്. അങ്ങനെ ഉണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റ് അന്വേഷിക്കും.

## (33) കോതമംഗലം എറണാകുളം ഹൈവേ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

*ശ്രീ. വി. ജെ. പൗലോസ്* : നമ്മുടെ എറണാകുളം പട്ടണം അതിവേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. നിരവധി വിദേശീയർ ഉൾപ്പെടെയുള്ള നിക്ഷേപകർ അവിടെ വന്നുകൊണ്ടിരിക്കുകയാണ്. എറണാകുളത്തിന്റെ ഇന്നത്തെ പശ്ചാത്തലസൗകര്യം അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന വികസനത്തിന് ഒട്ടും മതിയാകാതെവരുന്നതായ സാഹചര്യം പരിഗണിച്ചുകൊണ്ട് കോതമംഗലത്തുനിന്ന് എറണാകുളത്തേക്ക് ഒരു ഹൈവേ അടിയന്തിരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. അതു സംബന്ധിച്ചുള്ള സാറ്റലൈറ്റ് സർവ്വേയുമെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്. ഈ ഹൈവേയുടെ പ്രാധാന്യം കണക്കിലെടുത്ത് എറണാകുളത്തിന്റെ ഗതാഗതക്കുരുക്ക് അവസാനിപ്പിക്കുന്നതിന് എറണാകുളം നഗരത്തിൽനിന്ന് ഒരു ഔട്ട്ലെറ്റ് പുറത്തേക്ക് ഉണ്ടാക്കുന്നതോടൊപ്പംതന്നെ നമ്മുടെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായ വീഗാ ലാന്റ്, അതുപോലെതന്നെ വലിയ വ്യവസായകേന്ദ്രമായി വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന കിഴക്കമ്പലം വളയൻകുളങ്ങര ആദിയായ പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ടൂറിസത്തിന്റെയും വ്യവസായത്തിന്റെയും പ്രൊമോഷന് വളരെയധികം സഹായകമാകുന്ന ഈ റോഡും നിർമ്മിക്കണം. ഇപ്പോൾ കോതമംഗലത്തുനിന്ന് എറണാകുളത്തേക്ക് 55 കിലോമീറ്ററാണ് പെരുമ്പാവൂർ-മൂവാറ്റുപുഴ വഴിയുള്ളത്. അതുപോലെതന്നെ പെരുമ്പാവൂർ-ആലുവ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഈ റോഡ് അടിയന്തിരമായി ഏറ്റെടുത്ത് നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മരാമത്തു വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : സർ, ഏകദേശം 27.5 കിലോമീറ്റർ ദൈർഘ്യം വരുന്ന കാക്കനാട് കോതമംഗലം റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച പ്രാഥമിക സർവ്വേ നടത്തി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി ഏതാണ്ട് 54 കോടി രൂപയോളം ചെലവു വരുന്ന 94 കോടി രൂപയുടെ ബൃഹത്തായ ഒരു പദ്ധതിയാണിത്. ഇതുസംബന്ധിച്ച് എൽ.ബി.എസ്. സെന്റർ നടത്തിയ വിശദമായ സർവ്വേ റിപ്പോർട്ട് കേന്ദ്രഗവണ്മെന്റിന്റെ വാണിജ്യമന്ത്രാലയത്തിന്റെ പരിഗണനയ്ക്കും സഹായത്തിനുമായി അയച്ചുകൊടുത്തിട്ടുണ്ട്. ഗവണ്മെന്റ് തുടർപരിശ്രമങ്ങളും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly